# വചനവിചിന്തനം ആഗസ്റ്റ് 23 ഞായർ, 2009

# Lk-17:11-19

ലൂക്കാ 17:11-19 ൽ പ്രതിപാദിക്കുന്നത് യേശുവിന്റെ ജറുസലെം യാത്രയിൽ നടക്കുന്ന അത്ഭുത രോഗശാന്തികളിലൊന്നാണ്. പത്തു കുഷ്ഠരോഗികൾ കരുണയ്ക്കായി യാചിക്കുന്നതും അവർ ദൈവകാരുണ്യം അനുഭവിക്കുന്നതും ഒരുവൻ മാത്രം കരുണയുടെ ഉറവിടത്തെ തിരിച്ചറിയുന്നതുമാണ് ഈ ഭാഗത്തെ പ്രമേയം. വി. ലൂക്കാ സുവിശേഷകൻ മാത്രമാണ് ഈ സംഭവം വിവരിക്കുന്നത്.

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ വസിച്ചിരുന്ന ഹതഭാഗ്യരാണ് കുഷ്ഠരോഗികൾ. കുഷ്ഠരോഗികളെ ദൈവശിക്ഷയേറ്റവരായിട്ടാണ് യഹൂദർ കരുതിയിരുന്നത്. ''കുഷ്ഠമുള്ളവൻ കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണികൊണ്ട് മറയ്ക്കുകയും അശുദ്ധൻ അശുദ്ധൻ എന്ന് വിളിച്ചുപറയുകയും വേണം. രോഗമുള്ള കാലമെല്ലാം അവൻ അശുദ്ധനാണ്. അവൻ പാളയത്തിനു വെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം'' (ലേവ്യർ 13:45-46).

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റിനിറുത്തപ്പെട്ട കുഷ്ഠരോഗികൾ ഒരു കൂട്ടമായി മാറുകയാണ്. ആ കൂട്ടത്തിൽനിന്നും പത്തുപേർ യേശുവിനെ കാണുന്നു. അവരുടെയിടയിൽ യഹൂദരുണ്ട്, സമരിയാക്കാരുണ്ട്. അവരാരും കുഷ്ഠരോഗികളായി ജീവിക്കുവാൻ ആഗ്രഹിച്ചവരല്ല. ജീവിതത്തിന്റെ നല്ലദിനങ്ങൾ ആസ്വദിച്ച്, അദ്ധ്വാനിച്ച് ആഹ്ലാദം പങ്കിട്ടുവന്ന കാലത്ത് രോഗം അവരെ കീഴടക്കി. അതു മറ്റുള്ളവരിൽനിന്നും മറച്ചുവയ്ക്കുവാൻ അവർ വെമ്പൽകൊണ്ടു. ഒരുനാൾ അവരുടെ പ്രിയപ്പെട്ടവർ ഉൾപ്പെടുന്ന സമൂഹം വിധിയെഴുതി. ''അയാൾ കുഷ്ഠരോഗിയാണ്. അയാളെ നമ്മുടെയിടയിൽനിന്നും പുറത്താക്കണം. അല്ലെങ്കിൽ അപകടമാണ്''.

മരുന്നുകൾ ഫലിക്കാതെ, ചികിത്സയിൽ നിരാശതോന്നി, ജീവിതത്തെ ശപിച്ചുകൊണ്ട് നടക്കുന്ന സമയത്താവും അവർ യേശുവിനെ കണ്ടത്. 'ഗുരുവേ കനിയണമേ വല്ലതും തരണേ'. അവർ സൗഖ്യത്തിനായി യാചിച്ചില്ല. അവർക്ക് വേണ്ടത് കരുണയായിരുന്നു. അപ്പമായി, മരുന്നായി, വസ്ത്രമായി, പണമായി അവതരിക്കുന്ന കരുണ.

'യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ' ഗുരു ആ വിളി കേട്ടു. അവിടുന്ന് അവരെ 'കണ്ടു'. അവർക്കാവശ്യമുള്ളത് എന്തെന്ന് ഗുരുവിനറിയാമായിരുന്നു. സൗഖ്യമെന്ന വലിയ ദാനം.

സമൂഹത്തിൽനിന്നും കുഷ്ഠംമൂലം നിഷ്കാസിതനായവൻ സുഖപ്പെട്ടാൽ അത് സാക്ഷ്യപ്പെടുത്തേണ്ടത് പുരോഹിതനാണ്. ''പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുവിൻ''. യേശുവിന്റെ ആജ്ഞാശക്തിയുള്ള വാക്കുകൾ അവർ അനുസരിക്കുകയാണ്. സംശയലേശമെന്യേ അവർ പുരോഹിതരെത്തേടിപ്പോകുന്നു. പ്രവർത്തിയോടൊപ്പമുള്ള വിശ്വാസം, ഉറച്ച ബോദ്ധ്യം.

പോകുംവഴി അവരറിഞ്ഞു. സ്പർശനശേഷി നഷ്ടപ്പെട്ട വിരലുകൾക്ക് മാറ്റം വരുന്നതും, വ്രണം നിറഞ്ഞ ചർമ്മം ഒരു കുഞ്ഞിന്റെ ചർമ്മംപോലെ വൃത്തിയുള്ളതാവുന്നതും, വൈരൂപ്യത്തിന്റെ ഭാവങ്ങൾ അകലുന്നതും. അവർ ശുദ്ധിയുള്ളവരായി. ഹൃദയം ആഹ്ലാദംകൊണ്ട് ജ്വലിച്ചു. കണ്ണുനിറഞ്ഞു. തങ്ങൾ സൗഖ്യമുള്ളവരായ വാർത്ത പുരോഹിതരെയറിയിച്ച് പ്രിയപ്പെട്ടവരുടെയടുത്തേയ്ക്കണയുവാൻ അവർ വെമ്പൽപൂണ്ടോടുകയാണ്.

ശുദ്ധിയുടെ സർട്ടിഫിക്കറ്റിനായി 9 പേരും പുരോഹിതരുടെ പക്കലേയ്ക്കോടിയപ്പോൾ ഒരുവൻ മാത്രം പിന്നോട്ടോടി. അവന്റെ അധരങ്ങളിൽ ദൈവസ്തുതിയുടെ സങ്കീർത്തനങ്ങൾ! ശക്തനായവൻ വലിയ കാര്യങ്ങൾ എനിക്കായി ചെയ്തു! ഗുരുവിന്റെ പാദങ്ങളിൽ അവൻ പ്രണമിച്ചു. അവൻ ഒരു സമരിയാക്കാരനായിരുന്നു....

'കരുണതോന്നണമേ' എന്ന് ഉച്ചത്തിൽ കരഞ്ഞവർ 10 പേർ. ഉച്ചത്തിൽ നന്ദിപറഞ്ഞുമടങ്ങിവന്നത് ഒരുവൻമാത്രം!

യേശുവിന്റെ കാരുണ്യം തേടുന്നവരിൽ അവിടുന്നു തന്റെ കരുണയുടെ മഴ വർഷിക്കുന്നു. രക്ഷിക്കാനാവാത്തവിധം കരങ്ങൾ കുറുകിപ്പോകാത്ത അവൻ നമ്മുടെ രോഗങ്ങളും വേദനകളും ഏറ്റെടുക്കുവാൻ, സൗഖ്യമാക്കുവാൻ ഇന്നും നമ്മുടെയരികിലുണ്ട്.
അവനിൽ വിശ്വസിക്കുക.

നന്മകൾ വാരിവിതറിയനുഗ്രഹിക്കുന്നവൻ നന്ദിപ്രതീക്ഷിക്കുന്നുണ്ട്. അനുഗ്രഹം സ്വീകരിച്ചവൻ മടങ്ങിവരണമെന്നും അവൻ ആഗ്രഹിക്കുന്നു. തന്നിലൂടെ സൗജന്യമായി ചൊരിയപ്പെടുന്ന രക്ഷയുടെ അനുഭവം പകരുവാൻവേണ്ടിയാണാ പ്രതീക്ഷ.

നന്മകൾ കിട്ടിക്കഴിയുമ്പോൾ നമ്മിൽ പലരും ദാതാവിനെ മറക്കുന്നു. ശാരീരികസൗഖ്യമോ, അഭിവൃദ്ധിയോ, നേട്ടങ്ങളോ, പഠനത്തിലുള്ള വിജയമോ ലക്ഷ്യമാക്കി നാം പ്രാർത്ഥിക്കാറുണ്ട്. ഫലപ്രാപ്തിക്കുശേഷം നമ്മുടെ മനോഭാവം എന്താണ്? നന്ദിനിറഞ്ഞ ഒരു ജീവിതം നയിക്കുവാൻ നമുക്കാവുമോ?

ബാഹ്യമായ നന്മകൾ അതിൽത്തന്നെ ഒരു ലക്ഷ്യമല്ല, രക്ഷയാണ് പ്രദാനം. ആ രക്ഷ കൈവരിക്കണമെങ്കിൽ യേശുവിന്റെ പാദങ്ങളിൽ നമ്മുടെ ചെറുജീവിതങ്ങൾ സമർപ്പിക്കപ്പെടണം. ജീവിതത്തിൽ അവനേകുന്ന നന്മകൾക്ക് നന്ദിയുള്ളവരാകണം. നന്ദി ഒരു വികാരമല്ല. അത് ഒരു ജീവിത മനോഭാവമാണ്.

നമ്മുടെ സന്തോഷം ദൈവത്തോടൊപ്പമാവട്ടെ. വേദനിക്കുന്നവരെ കാണുവാൻ നമുക്ക് കണ്ണുകളുണ്ടാവണം. അവർക്ക് സൗഖ്യമാകുവാൻ, സാന്ത്വനമാകുവാൻ നമുക്ക് മനസ്സുവേണം. നാം കൈ നീട്ടിവാങ്ങുന്ന ദൈവദാനങ്ങൾക്ക് ദൈവത്തോടും സഹോദരരോടും നന്ദിയുള്ളവരായിരിക്കണം. അനുദിന ജീവിതത്തിന്റെ നിരവധി നന്മകൾക്ക് സ്തുതിയുടെ ബലിയർപ്പിക്കാം.

ഓരോ ബലിയർപ്പണവും നന്ദിയുടെ അർപ്പണമാണ്. അതിലൂടെ നമുക്ക് രക്ഷയുടെ അനുഭവം കൈവരും. ദൈവകൃപയുടെ മുന്നിൽ സാഷ്ടാംഗം പ്രണമിച്ച വിനീതനായ സമരിയാക്കാരന്റെ മനസ്സ് നമുക്കുണ്ടെങ്കിൽ ചിന്തിക്കുക, ഓർമ്മിക്കുക ഞാൻ നന്ദിയുള്ളവനാണോ?

**ഫാ. ജോൺ നെല്ലിക്കുന്നേൽ**